# UNIVERSITY OF KERALA

***(Re-accredited by NAAC with 'A' Grade)***

## Assurances given and decisions taken at the meeting of the Senate held on 5th March, 2022.

***Online meeting (through google meet)***

***Time : 8:30 a.m***

**Members Present:**

1. Prof. (Dr.) V.P. Mahadevan Pillai
   Vice-Chancellor (In the Chair)
2. Prof. (Dr.) P.P Ajayakumar
   Pro-Vice-Chancellor
3. Dr. Rejani R.S
4. Dr. Shaila C.A
5. Dr. R. Vasanthagopal
6. Dr. V.S Joy
7. Dr. Latha M.S
8. Sri. V.K Prasanth MLA
9. Sri. V. Sasi MLA
10. Sri.M. Vincent MLA
11. Dr. S. Nazeeb
12. Dr. Vishnu V.S
13. Sri. Jairaj. J
14. Dr. Dileep A.S
15. Dr. Babitha G.S
16. Dr. K.R Kavitha
17. Dr. Sekaran S
18. Sri. Sibi C Babu
19. Dr. Abhraham A
20. Dr. K. Jayakumar
21. Sri. Sony .P. John
22. Dr. M. Vijayan Pillai
23. Sri. R. Arunkumar
24. Dr. Pramod N
25. Dr. Soju S
26. Sri. B.P Murali
27. Sri. Liju P.R

28. Sri. Praveen G Panicker
29. Smt. Priyanka Prathap
30. Sri. P. Rajendrakumar
31. Sri. Bijukumar .G
32. Sri. Suresh Babu R.S
33. Smt. Yamuna Devi T.S
34. Sri. Ajayakumar .V
35. Adv. Muraleedharan Pillai G
36. Adv. B. Balachandran
37. Sri. Patmakumar G
38. Adv. K. H Babujan
39. Dr. K.B Manoj
40. Adv. A. Ajikumar
41. Smt. Renju Suresh
42. Prof. K. Lalitha
43. Dr. K.G Gopchandran K.G

**Online Presence**

1. Dr. Binu G Bheemnath
2. Adv. Gopu Krishnan C G
3. Dr. Bindu K
4. Dr. Helen A
5. Sri. Shaik P Harriz
6. Dr. pramod Kiran R B
7. Dr. B Rajendran
8. Dr. A M Unnikrishnan
9. Sri. S Jayaram
10. Dr. N P Chandrashekaran
11. Dr. S Shajitha
12. Dr. Shobha K D
13. Sri. Anilkumar R
14. Sri. Ajayakumar S
15. Dr. Sabeen H M
16. Sri. Osbon Y
17. Dr. K S Chandrasekar
18. Dr. Thajudeen A S
19. Dr. A Balakrishnan
20. Dr. Rani Abraham
21. Sri. C R Mahesh MLA
22. Dr. Mathew V

*The meeting was called to order at 8.30 a.m by Prof. (Dr.) V.P. Mahadevan Pillai, Hon'ble Vice-Chancellor. The Chair welcomed all the members present for the meeting.*

*The Vice-Chancellor congratulated the newly elected members and welcomed them to the House.*

## Condolences & Felicitations

### അനുശോചനം

മുൻ ഇന്ത്യൻ ഹോക്കി താരം സയ്ദ് അലി സിബ്റ്റൈൻ നഖ്‌വി, ഫുട്ബോൾ താരവും പരിശീലകനുമായിരുന്ന സുഭാഷ് ഭൗമിക്, ഹോക്കി ടീം ക്യാപ്റ്റനായിരുന്ന ചരൺജിത്ത് സിംഗ്, ഫുട്ബോൾ താരം സുരജിത് സെൻഗുപ്ത, ഇന്ത്യൻ ഫുട്ബോൾ ടീം പരിശീലകനായിരുന്ന റുസ്തം അക്രമോവ്,

ഓസ്കാർ പുരസ്കാര ജേതാവ് എമി വാഡ, ഗാനരചയിതാവും കവിയുമായ ബിച്ചു തിരുമല, കഥക് നർത്തകർ പണ്ഡിറ്റ് ബിർജു മഹാരാജ്, പണ്ഡിറ്റ് മുന്ന ശുക്ല, ചലച്ചിത്രസംവിധായകൻ ആലപ്പി രംഗനാഥ്, ബ്രസീലിയൻ സാംബ താരം എൽസ സോറസ്, ഇന്ത്യയുടെ ഗാനകോകിലം എന്നു കീർത്തികേട്ട ലതാ മങ്കേഷ്കർ,നാടക–ചലച്ചിത്ര നടി കെ.പി.എ.സി.ലളിത,

സമാധാന നൊബേൽ സമ്മാന ജേതാക്കളായ എഫ്.ഡബ്ല്യൂ.ഡി.ക്ലെർക്, ഡെസ്മണ്ട് ടുട്ടു, ഇന്ത്യയിലെ ആദ്യ വനിതാ സൈക്യാട്രിസ്റ്റ് ഡോ.ശാരദാ മേനോൻ, ഹെലികോപ്റ്റർ അപകടത്തിൽ അന്തരിച്ച ഇന്ത്യയുടെ സംയുക്ത സൈനിക മേധാവി ജനറൽ ബിപിൻ റാവത്ത്, ഭാര്യ മധുലിക റാവത്ത്, ബ്രിഗേഡിയർ എൽ.എസ്.ലിഡർ, ലഫ്.കേണൽ ഹർജീന്ദർ സിംഗ്, കമാൻഡർ പി.എസ്.ചൗഹാൻ, കോ–പൈലറ്റ് ലീഡർ കെ.സിംഗ്, ദാസ്, ജൂനിയർ വാറന്റ് ഓഫീസർമാരായ റാണ പ്രതാപ് ദാസ്, മലയാളിയായ പ്രദീപ് എ., ഹവിൽദാർ സത്പാൽ റായ്, നായിക് ഗുർസേവക് സിംഗ്, നായിക് ജിതേന്ദർ കുമാർ, ലാൻസ് നായിക് വിവേക് കുമാർ, ലാൻസ് നായിക് ബി.എസ്.തേജ, ഗ്രൂപ്പ് ക്യാപ്റ്റൻ വരുൺ സിംഗ്, മുൻ സുപ്രീംകോടതി ജഡ്ജി ഗിരീഷ് ടാക്കോർ നാനാവതി, റഷ്യ–യുക്രൈൻ യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ട ഇന്ത്യൻ വിദ്യാർത്ഥി എസ്.ജി.നവീൻ,

ബുക്കർ പുരസ്കാര ജേതാവ് ന്യൂസിലാൻഡ് എഴുത്തുകാരി കേരി ഹ്യൂം, കന്നഡ എഴുത്തുകാരൻ ചന്ദ്രശേഖർ പാട്ടീൽ, ബംഗാളി കവി ശരത് കുമാർ മുഖർജി, സാഹിത്യകാരൻ കെ.ടി.രവിവർമ, സ്വാതന്ത്ര്യസമരസേനാനി കെ.അയ്യപ്പൻപിള്ള, മുൻ എം.എൽ.എ. പി.ടി തോമസ്,

പുരാവസ്തു ഗവേഷകനും പത്മഭൂഷൺ ജേതാവുമായ ആർ.നാഗസ്വാമി, അമേരിക്കൻ ജീവ ശാസ്ത്രജ്ഞൻ എഡ്‌വേർഡ് ഒ വിൽസൺ, ഫ്രഞ്ച് ശാസ്ത്രജ്ഞൻ ലുക് മൊൺടാഗ്നിയർ,

കേരളസർവകലാശാല ഇലക്ട്രീഷ്യൻ വിഭാഗത്തിലെ ലൈൻ ഹെൽപ്പർ രതീഷ് കുമാർ ആർ.വി., കേരളസർവകലാശാല ക്യാഷ് കൗണ്ടർ വിഭാഗത്തിലെ അസിസ്റ്റന്റ് ജി.എസ്.വിനയൻ എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

### അനുമോദനം

കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാന ഫോട്ടോഗ്രാഫി പുരസ്കാരത്തിന് അർഹനായ കെ.സി.നിജീഷ്, ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിൽ മികച്ച നടനുള്ള രജതമയൂരം നേടിയ ജിതേന്ദ്ര ഭിക്കുലാൽ ജോഷി, മികച്ച നടിക്കുള്ള രജതമയൂരം നേടിയ ആഞ്ചേല മോലിനാ, മികച്ച ചിത്രത്തിനുള്ള സുവർണ്ണമയൂരം നേടിയ റിംഗ് വാൻഡറിംഗ് എന്ന ചലച്ചിത്രം സംവിധാനം ചെയ്ത മാസകാസു കനെക്കോ, മികച്ച സംവിധായകനുള്ള രജതമയൂരം നേടിയ വക്ലേവ് കദ്ർങ്ക, 2020 ലെ ജെ.സി.ഡാനിയേൽ പുരസ്കാരം നേടിയ ഗായകൻ പി.ജയചന്ദ്രൻ,

ലോക ബാഡ്മിന്റൺ ഫെഡറേഷന്റെ ആജീവനാന്ത പുരസ്കാരത്തിന് അർഹനായ മുൻ ഇന്ത്യൻ ബാഡ്മിന്റൺ താരം പ്രകാശ് പദുകോൺ, 2021 ലെ ബാലൻഡി ഓർ പുരസ്കാര ജേതാക്കളായ ലയണൽ മെസ്സി, അലെക്സിയ പുറ്റല്ലാസ്, മികച്ച സ്ട്രൈക്കർക്കുള്ള പുരസ്കാരം നേടിയ റോബർട്ട് ലെവൻഡോസ്കി, മികച്ച യുവതാരത്തിനുള്ള പുരസ്കാരം നേടിയ പെഡ്രി, 2021 ലെ വേൾഡ് അത്‌ലറ്റിക്സിന്റെ വുമൺ ഓഫ് ദി ഇയർ പുരസ്കാരം നേടിയ അഞ്ജു ബോബി ജോർജ്, 2021 ലെ പാരാലിമ്പിക്സ് സ്പോർട്സ് അവാർഡിൽ മികച്ച അരങ്ങേറ്റക്കാരിക്കുള്ള പുരസ്കാരം നേടിയ ഇന്ത്യൻ ഷൂട്ടിംഗ് താരം അവ്നി ലെഖാര, ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ പുരുഷ

സിംഗിൾസിൽ വെള്ളിമെഡൽ നേടുന്ന ആദ്യ ഇന്ത്യൻതാരമായ കിഡംബി ശ്രീകാന്ത്, 2021 ലെ ജൂനിയർ യു.എസ്.ഓപ്പൺ സ്ക്വാഷ് ടൂർണമെന്റിൽ അണ്ടർ–15 ഗേൾസ് കാറ്റഗറിയിൽ കിരീടം നേടിയ ആദ്യ ഇന്ത്യൻ പെൺകുട്ടി അനാഹത് സിംഗ്, ബാഡ്മിന്റൺ വേൾഡ് ഫെഡറേഷന്റെ ഗേൾസ് സിംഗിൾസ് വിഭാഗം റാങ്കിംഗിൽ ലോക ഒന്നാം നമ്പർ താരമായി തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഇന്ത്യൻ വനിത താരം തസ്നിം മിർ, സയ്ദ് മോദി ഇന്റർനാഷണൽ ബാഡ്മിന്റൺ ടൂർണമെന്റിൽ കിരീടം നേടിയ പി.വി.സിന്ധു, 2021 ലെ ഐ.സി.സി. വിമൻസ് ക്രിക്കറ്റർ ഓഫ് ദി ഇയറായി തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വനിതാ താരം സ്മൃതി മന്ഥാന, അന്താരാഷ്ട്ര ഹോക്കി ഫെഡറേഷന്റെ വേൾഡ് ഗെയിം അത്‌ലറ്റ് ഓഫ് ദി ഇയർ 2021 പുരസ്കാരം നേടിയ പി.ആർ.ശ്രീജേഷ്,

അന്താരാഷ്ട്ര നാണയനിധിയുടെ ആദ്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടറായി നിയമിതയായ മലയാളി ഡോ.ഗീതാ ഗോപിനാഥ്,

പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരം 2022 ന് അർഹനായ മലയാളി ബാലൻ ദേവി പ്രസാദ്, പത്മശ്രീ പുരസ്കാരം ലഭിച്ച മലയാളികളായ കെ.വി.റാബിയ, ശോശാമ്മ ഐപ്പ്, ശങ്കരനാരായണൻ മേനോൻ, പി.നാരായണക്കുറുപ്പ്, മരണാനന്തര ബഹുമതിയായി പത്മവിഭൂഷൺ നേടിയ ജനറൽ ബിപിൻ റാവത്ത്, കല്യാൺ സിംഗ്, രാധേശ്യാം ഖേംക, പത്മഭൂഷൺ നേടിയ സൈറസ് പൂനവാല,

റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രിട്ടീഷ് ആർക്കിടെക്സിന്റെ 2022 ലെ റോയൽ ഗോൾഡ് മെഡൽ നേടിയ ഇന്ത്യൻ ആർക്കിടെക്ട് ബാലകൃഷ്ണ ദോഷി, 2021 ലെ രാമാനുജൻ പ്രൈസ് ഫോർ യംഗ് മാത്തമാറ്റിഷ്യൻ ഫ്രം ഡെവലപ്പിംഗ് കൺട്രീസ് നേടിയ ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞ നീന ഗുപ്ത, കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് 2021 ന് അർഹനായ മലയാളി ഡോ.രാജൻ ജോസഫ് മാഞ്ഞൂരാൻ, ക്ഷീരപഥത്തിൽ ഗംഗോത്രിവേവ് എന്ന വാതകമേഘഘടന കണ്ടെത്തിയ അന്താരാഷ്ട്ര ജ്യോതിശാസ്ത്രജ്ഞരുടെ സംഘത്തിൽ ഉൾപ്പെട്ട മലയാളി യുവശാസ്ത്രജ്ഞ ഡോ.എസ്.വീണ, ഡി.ആർ.ഡി.ഒ.യുടെ 'സയന്റിസ്റ്റ് ഓഫ് ദി ഇയർ അവാർഡ്' നേടിയ ഹേമന്ത് കുമാർ പാണ്ഡെ, ഐ.എസ്.ആർ.ഒ.യുടെ ചെയർമാനായി നിയമിതനായ മലയാളിയായ എസ്.സോമനാഥ്, വി.എസ്.എസ്.സി. ഡയറക്ടറായി നിയമിതനായ ഉണ്ണികൃഷ്ണൻ നായർ,

2021 ലെ ജെ.സി.ബി.സാഹിത്യപുരസ്കാരം നേടിയ എം.മുകുന്ദൻ, വിവർത്തകരായ ഫാത്തിമ ഇ.വി., നന്ദകുമാർ കെ., 2021 ലെ ജ്ഞാനപീഠ പുരസ്കാരം നേടിയ ദാമോദർ മൗസോ, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ജോർജ് ഓണക്കൂർ, 2021 ലെ ഓടക്കുഴൽ അവാർഡ് നേടിയ സാറാ ജോസഫ്, കേരളസർവകലാശാലയുടെ ഭാഷയ്ക്കൊരു ഡോളർ പുരസ്കാരം 2019 ലേതിന് അർഹനായ ഡോ.പി.അരുൺമോഹൻ, 2021 ലേതിന് അർഹയായ ഡോ.കെ.മഞ്ജു,

ലണ്ടനിലെ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി ഫെല്ലോയായി തെരഞ്ഞെടുക്കപ്പെട്ട കേരളസർവകലാശാല സ്കൂൾ ഓഫ് ടെക്നോളജി ഡയറക്ടറും സിൻഡിക്കേറ്റംഗവുമായ ഡോ.കെ.ജി.ഗോപ്ചന്ദ്രൻ, ഇടുക്കിയിലെ ഇടമലക്കുടിയിൽ നിന്നും 'ക്രിപ്റ്റോക്കാരിയ മുതുവാരിയാന' എന്ന പുതിയ സസ്യയിനത്തെ കണ്ടെത്താൻ നേതൃത്വം നൽകിയ കേരളസർവകലാശാല ബോട്ടണിവിഭാഗം പ്രൊഫസറും സെന്റർ ഫോർ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഡയറക്ടറുമായ ഡോ.എ.ഗംഗാപ്രസാദ്, ബോട്ടണിവിഭാഗത്തിലെ ഗവേഷകനായിരുന്ന ആർ.ജഗദീശൻ, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പി.സുരേഷ്കുമാർ, സാം പി മാത്യു എന്നിവരെ ഈ യോഗം അനുമോദിക്കുന്നു.

The Vice- Chancellor informed the House that the next item in the Agenda is Question Hour and invited the members to present their questions.

**Question No.1 given notice of by Sri. Sibi C Babu was answered by Adv. B. Balachandran,** Member, Syndicate.

| **ശ്രീ. സിബി. സി ബാബു** | |
|---|---|
| 1. | 2016 ജനുവരി ഒന്നിന് ശേഷം നാളിതുവരെ കേരള യൂണിവേഴ്സിറ്റിയിൽ ഏതെങ്കിലും തസ്തികകളിൽ താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ<br>a) ഓരോ വർഷവും സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ തസ്തിക, എണ്ണം യോഗ്യത, ശമ്പളസ്കെയിൽ എന്നിവ വ്യക്തമാക്കുക?<br>b) സർവകലാശാലയിൽ നിലവിൽ എത്ര പേർ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. ?<br>c) എത്ര നാളത്തേക്കുള്ള കരാറിലാണ് ഇവരെ നിയമിച്ചിരിക്കുന്നത്? |
| **ഉത്തരം** | a) ഇല്ല. |

**Question No.2 given notice of by Major Dr. U. Abdul Khalam was not considered as the member was not present at the time.**

**Question No.3 given notice of by Sri. Sibi C Babu was answered by Adv. G. Muralidharan Pillai,** Member, Syndicate.

| **ശ്രീ. സിബി. സി ബാബു** | |
|---|---|
| 3. | 2020–21 അധ്യയന വർഷം കേരള യൂണിവേഴ്സിറ്റിയിലെ വിവിധ അഫിലിയേറ്റഡ് കോളേജുകളിലും പഠന വകുപ്പുകളിലും ഏതെല്ലാം ന്യൂജനറേഷൻ കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത് ?.<br>a) മേൽ പറഞ്ഞ കോഴ്സുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള താൽകാലിക അധ്യാപകർക്ക് വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല എന്ന കാരണത്താൽ Dy. DCE യിൽ നിന്നും ശമ്പള ബില്ലുകൾ പാസാക്കി നൽകുന്നില്ല എന്ന കാര്യം സർവകലാശാലയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?<br>b) സർവകലാശാലയിൽ ആരംഭിച്ചിട്ടുള്ള വിവിധ ന്യൂജനറേഷൻ കോഴ്സുകളിൽ നിയമിക്കപ്പെടാനുള്ള അധ്യാപക യോഗ്യത വ്യക്തമാക്കാമോ? |
| **ഉത്തരം** | അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ച ന്യൂജനറേഷൻ കോഴ്സുകൾ ചുവടെ ചേർക്കുന്നു.<br>1. B.Sc Mathematics and Computer Application<br>2. B.Sc Geology and Digital Surveying<br>3. B.Sc Physics (Complementary 1- Mathematics Complementary 2- Machine Learning)<br>4. BA Economics and Media Studies<br>5. BA English and Media Studies<br>6. BA Economics and Mathematics<br>7. B.Com Accounts and Data Science<br>8. BBA Logistics<br>9. M.Sc Chemistry with Specialization in Drug Design and Development |

| | |
|---|---|
| | 10. M.Sc Physics with Specialization in Space Physics<br>11. M.Sc Physics with Specialization in Nanoscience<br>12. M.Sc Zoology with Specialization in Biosystematics and Biodiversity<br>13. M.Sc Statistics with Specialization in Data Analytics<br>14. M.A Economics (Behavioural Economics and Data Science)<br>15. MA History (World History and Historiography)<br>16. M.Come International Trade<br>17. MSW (Disaster Management)<br><br>ഡിപ്പാർട്ട്മെന്റുകളിൽ ആരംഭിച്ച ന്യൂജനറേഷൻ കോഴ്സുകൾ ചുവടെ ചേർക്കുന്നു.<br>1. M.Sc Physics with specialization in Space Physics<br>2. M.Sc Chemistry with specialization in Renewable Energy<br>3. M.A Politics, International Relations and Diplomacy<br>4. M.Sc Mathematics with specialization in Finance and Computation.<br>5. M.Sc Computer Science with specialization in Artificial Intelligence.<br>6. M.Com Rural Management.<br><br>യു.ജി.സി യുടെയും സർക്കാരിന്റേയും ഉത്തരവു പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകൾ അനുസരിച്ചാണ് സർവകലാശാല അധ്യാപക നിയമനങ്ങൾ നടത്തുന്നതും നിയമനങ്ങൾക്ക് അനുമതി നൽകുന്നതും. അഫിലിയേറ്റഡ് കോളേജുകളിലെ താൽക്കാലിക നിയമനങ്ങൾക്ക് സർവകലാശാലയുടെ അംഗീകാരം ആവശ്യമില്ല. |

**Question No.4 given notice of by Dr. Sekaran S was answered by Dr. K.B Manoj, Member, Syndicate.**

| **ഡോ. ശേഖരൻ എസ്** | |
|---|---|
| 4. | പുതിയ ന്യൂജൻ ബിരുദ കോഴ്സുകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷകൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? കാലതാമസത്തിനുള്ള കാരണം വിശദമാക്കണം? |
| **ഉത്തരം** | എല്ലാ ന്യൂജനറേഷൻ ബിരുദകോഴ്സുകളുടേയും ഒന്നാം സെമസ്റ്റർ പരീക്ഷകൾ 22.02.2022 മുതൽ ആരംഭിച്ചിട്ടുണ്ട്. കോഴ്സ് തുടങ്ങുവാനുള്ള കാലതാമസവും Student Life Cycle Management Software System നടപ്പിലാക്കുന്നതിനാൽ വന്ന കാലവിളമ്പവുമാണ് ഉണ്ടായിട്ടുള്ളത്. |

**Question No.5 given notice of by Dr. K.R Kavitha was answered by Dr. K.B Manoj,** Member, Syndicate.

| **ഡോ.കെ.ആർ. കവിത** | |
|---|---|
| 5. | സർവകലാശാല, പരീക്ഷ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ചെയർമാനെ നിർണ്ണയിക്കുന്നതിന്, യൂണിവേഴ്സിറ്റി എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?<br>a) ടി ചെയർമാനെ നിശ്ചയിക്കാൻ സർവകലാശാല സീനിയോറിറ്റി ലിസ്റ്റ് പരിഗണിക്കുന്നുണ്ടോ ? അങ്ങനെയെങ്കിൽ എത്രാമത്തെ അധ്യാപകരെ വരെ ഇതിനുവേണ്ടി പരിഗണിക്കും ? |

| | |
|---|---|
| **ഉത്തരം** | സീനിയോരിറ്റിയും ലഭ്യതയും അനുസരിച്ചാണ് ചെയർമാനെ നിയമിക്കുന്നത്. |

**Question No.6 given notice of by Sri. C.R Mahesh MLA was not considered as the member was not present at the time.**

**Question No.7 given notice of by Dr. K.R Kavitha was answered by Dr. M. Vijayan Pillai,** Member, Syndicate.

| **ഡോ.കെ.ആർ. കവിത** | |
|---|---|
| 7. | എയ്ഡഡ് കോളേജ് അധ്യാപകരുടെ സ്ഥലം മാറ്റം, വർക്ക്ലോഡുമായി ബന്ധപ്പെട്ട വിഷയങ്ങളാൽ ഗവൺമെന്റ് താൽക്കാലികമായി നിർത്തിവെച്ചിട്ടുള്ള സാഹചര്യത്തിൽ കോർപ്പറേറ്റ് കോളേജുകളുടെ സ്ഥലം മാറ്റ വിഷയത്തിൽ സർവകലാശാല ഇടപെട്ട് അടുത്ത അധ്യയന വർഷത്തിലെങ്കിലും സ്ഥലം മാറ്റം നൽകാനുള്ള നടപടികൾ പുനഃസ്ഥാപിക്കുമോ ?<br>a) ഇതുമായി ബന്ധപ്പെട്ട് വിഷയങ്ങൾ പഠിക്കാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ?<br>b) ഉണ്ടെങ്കിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ടിനെ പറ്റി വിശദമാക്കാമോ ? |
| **ഉത്തരം** | ഇത് സർവകലാശാലയുമായി ബന്ധപ്പെട്ട വിഷയമല്ല. ഏതെങ്കിലും പ്രത്യേക പരാതികൾ ലഭിച്ചാൽ പരിശോധിക്കും. |

**Question No.8 given notice of by Sri. Jayaram S was answered by Prof. K. Lalitha,** Member, Syndicate.

| **ശ്രീ. ജയറാം .എസ്** | |
|---|---|
| 8. | സർവകലാശാല യൂണിയന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ? നീട്ടി നൽകിയിട്ടുണ്ട് എങ്കിൽ കാലാവധി കഴിഞ്ഞ് എത്ര രൂപയാണ് സർവകലാശാല യൂണിയൻ ചിലവഴിച്ചിട്ടുള്ളത്? |
| **ഉത്തരം** | ഉണ്ട്.<br>സർവകലാശാല യൂണിയന്റെ കാലാവധി കഴിഞ്ഞ് തുക ചിലവഴിച്ചിട്ടില്ല. |

**Question No.9 given notice of by Dr. Dileep A.S was answered by Adv. B. Balachandran,** Member, Syndicate.

| **ഡോ. ദിലീപ് എ.എസ്** | |
|---|---|
| 9. | സർവകലാശാലയിലെ ടാബുലേഷൻ ഷീറ്റുകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് ഭരണാനുമതി നൽകി കൊണ്ടുള്ള ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ നൽകാമോ?<br>a) ഇതിനായി എത്ര തുക സർക്കാർ അനുവദിച്ചു?<br>b) എത്ര തുക ഇതുവരെ ചെലവ് ചെയ്തു?<br>c) പ്രവൃത്തി എത്ര ശതമാനം പൂർത്തീകരിച്ചു?<br>d) പ്രിഡിഗ്രി കോഴ്സിന്റെ ടാബുലേഷൻ ഷീറ്റുകൾ ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടോ?<br>e) പൂർത്തീകരിച്ചില്ലങ്കിൽ കാരണം വ്യക്തമാക്കാമോ? |
| **ഉത്തരം** | കേരള സർവകലാശാലയിൽ 'Digitization and Archiving of University Records' പദ്ധതി നടപ്പിലാക്കുന്നതിനായി ഒന്നാംഘട്ടത്തിന് GO(Rt) No.1223/2010/H.Edu dtd 24/6/2010 പ്രകാരവും രണ്ടാംഘട്ടത്തിന് GO(Rt) |

| | |
|---|---|
| | No.1771/2011/H.Edu dtd 08/11/2011 പ്രകാരവുമാണ് സർക്കാർ ഭരണാനുമതി നൽകിയത്.<br>a) 'Digitization and Archiving of University Records' പദ്ധതിയുടെ ഒന്നാംഘട്ടത്തിന് മൂന്നുകോടി രൂപയും രണ്ടാംഘട്ടത്തിന് 2.93 കോടി രൂപയുമാണ് സർക്കാർ വകയിരുത്തിയത് (മൊത്തം 5.93 കോടി രൂപ)<br>b) ഈ പദ്ധതിക്കായി ഇതുവരെ 1,19,88,493/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>c) പലഘട്ടങ്ങളിലായി ആകെ 730588 ഷീറ്റുകൾ (MBBS, B.Arch, MCA, Pre Degree, Private Registration, MA, MSc,M.Com, BA, B.Sc, B.Tech, B.Com, B.Pharm, BASLP, Nursing, Traditional Medicine എന്നീ കോഴ്സുകളിൽ) ഡിജിറ്റൈസ് ചെയ്യുകയും അതിന്റെ വെരിഫിക്കേഷൻ നടപടികൾ 04/02/2022 ഓടെ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ പല സെക്ഷനുകളിൽ നിന്നായി ടാബുലേഷൻ രജിസ്റ്ററുകൾ ഇനിയും ഡിജിറ്റൈസ് ചെയ്യേണ്ടതുണ്ട്.<br>d) ഉണ്ട്:-215846 ഷീറ്റുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.<br>e) സ്കാൻ ചെയ്ത ചില ഷീറ്റുകൾ കൃത്യമായി അപ്ലോഡ് ആകാത്തതും, കാലപ്പഴക്കത്താൽ രജിസ്റ്ററുകൾ സ്കാൻ ചെയ്യാൻ ബുദ്ധിമുട്ടുള്ളതുമായ കാരണങ്ങളാൽ പരിമിതികൾ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ഷീറ്റുകൾ ഡിജിറ്റൈസ് ചെയ്യാൻ കാലതാമസം നേരിടുന്നുണ്ട്. |

**Question No.10 given notice of by Sri. Y. Osbon was answered by Dr. S. Nazeeb,** Member, Syndicate.

| **ശ്രീ. വൈ. ഓസ്ബോൺ** | |
|---|---|
| 10. | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ക്യാംപസുകളിൽ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ബാരിയർ ഫ്രീ ക്യാംപസ് പദ്ധതി പ്രകാരം 2020-21,2021-22 അദ്ധ്യയന വർഷങ്ങളിൽ കേരള സർവകലാശാലയിൽ നടപ്പിലാക്കിയ ഭിന്നശേഷി വിദ്യാർത്ഥി ക്ഷേമ പദ്ധതികൾ എന്തൊക്കെയാണ്. ഈ പദ്ധതിക്കായി സർവകലാശാല ചെലവഴിച്ച തുക എത്രയാണ്. ഇതിൽ സംസ്ഥാന സർക്കാർ സർക്കാർ വിഹിതമായി എത്ര തുക സർവകലാശാലക്ക് നൽകി. |
| **ഉത്തരം** | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടി സൗഹൃദപരമായ അന്തരീക്ഷമാണ് കേരള സർവകലാശാല ലൈബ്രറിയിൽ ക്രമീകരിച്ചിട്ടുള്ളത്. ആയതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക്/ഉപയോക്താക്കൾക്ക് സുഗമമായി ലൈബ്രറിയിൽ പ്രവേശിക്കുന്നതിനും തിരികെ പോകുന്നതിനും വേണ്ടി ലൈബ്രറി കെട്ടിടത്തിന്റെ പ്രവേശന കവാട ഭാഗത്തു റാംപ് സ്ഥാപിച്ചിട്ടുണ്ട്.<br>2. വിവിധ സെക്ഷനുകളിലേക്ക് പോകുന്നതിനു വേണ്ടി വീൽചെയർ സൗകര്യം നൽകിയിട്ടുണ്ട്.<br>3. ഭിന്നശേഷി സൗഹൃദ ശുചീകരണ മുറി സ്ഥാപിച്ചിട്ടുണ്ട്.<br>4. കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക്/ഉപയോക്താക്കൾക്ക് വേണ്ടി അത്യധുനിക സൗകര്യത്തോടെയുള്ള റിസോഴ്സ് സെന്റർ ഫോർ വിഷ്വലി ചലഞ്ച്ഡ് എന്ന പേരിൽ പ്രത്യേക സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ കിബോ സാങ്കേതികവിദ്യയുടെ സഹായത്തോടെ കാഴ്ച പരിമിതരായ വിദ്യാർത്ഥികൾക്ക്/ഉപയോക്താക്കൾക്ക് പുസ്കങ്ങളിലെ വിവരങ്ങൾ കേൾക്കാൻ സാധിക്കും. ഇതിനായി കമ്പ്യൂട്ടറുകൾ, സ്മാർട്ട് ഫോണുകൾ, ഇ-പഠനം, ഇ-ലൈബ്രറി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. |

| | |
|---|---|
| | 5. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക്/ഉപയോക്താക്കൾക്ക് ലൈബ്രറിയുടെ മുകളിലത്തെ നിലയിൽ പ്രവേശിക്കുന്നതിനായി ലിഫ്റ്റ് സൗകര്യം നൽകുന്നതിനുള്ള നടപടികൾക്ക് സിൻഡിക്കേറ്റ് അനുമതി നൽകിയിട്ടുണ്ട്. ആയതിലേക്കായി 25 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. സർക്കാരിൽ നിന്ന് ഭിന്നശേഷി വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ -ക്കായി 50 ലക്ഷം രൂപ പ്രസ്തുത കാലയളവിൽ ലഭിച്ചിട്ടുണ്ട്.<br><br>അതുപോലെതന്നെ, കാര്യവട്ടം ക്യാമ്പസിലെ പഠനവകുപ്പുകളിലും ഓഫീസുകളിലും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും, ജീവനക്കാർക്കും, സൗകര്യപ്രദമായ രീതിയിൽ ടോയ്‌ലറ്റുകൾ, റാമ്പുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പാളയം ക്യാമ്പസിലും ഭിന്നശേഷിക്കാരായ ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കും ഇത്തരത്തിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കുള്ള പൂർണ്ണമായ ചിലവിനം കണക്കാക്കിയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**Question No.11 given notice of by Dr. Sekaran.S was answered by Dr. K.B Manoj,** Member, Syndicate.

| **ഡോ. ശേഖരൻ എസ്** | |
|---|---|
| 11. | വിദൂര വിദ്യാഭ്യാസ പരീക്ഷാർത്ഥികളുടെ റോൾ ഒരാഴ്ചക്ക് മുമ്പ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? |
| **ഉത്തരം** | പരീക്ഷാ നടത്തിപ്പിനായുള്ള നോമിനൽ റോൾ അതത് സെന്ററുകളിൽ പരീക്ഷയ്ക്ക് ഒരാഴ്ച മുമ്പു തന്നെ നൽകാറുണ്ട്. എന്നാൽ പ്രത്യേക ഉത്തരവിന്റെ ഭാഗമായി രജിസ്ട്രേഷൻ നേടുന്ന വിദ്യാർത്ഥികളുടെ റോൾ തയ്യാറാകുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. |

**Question No.12 given notice of by Dr. Soju.S was answered by Dr. K.B Manoj,** Member, Syndicate.

| **ഡോ. സോജു .എസ്** | |
|---|---|
| 12. | പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപേപ്പർ കവർ മാറിപ്പൊട്ടിച്ചതുമായി ബന്ധപ്പെട്ട് 2019-20,2020-21 അധ്യയന വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും ഫൈൻ ഇനത്തിൽ എത്ര രൂപ ഈടാക്കിയിട്ടുണ്ട്? |
| **ഉത്തരം** | പരീക്ഷാ കേന്ദ്രങ്ങളിൽ ചോദ്യപേപ്പർ കവർ മാറിപ്പൊട്ടിച്ചാൽ അതിന്റെ ചിലവിനത്തിൽ വരുന്ന തുക കണക്കാക്കി ഈടാക്കാൻ സർവകലാശാലയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ നടന്നു വരുകയാണ്. |

**Question No.13 given notice of by Dr. Babitha G.S was answered by Dr. K.B Manoj,** Member, Syndicate.

| **ഡോ. ബബിത ജി.എസ്** | |
|---|---|
| 13. | കേരള സർവകലാശാലയിലെ എല്ലാ UG, PG കോഴ്സുകൾക്കും വേണ്ടിയുള്ള Question Bank രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? |
| **ഉത്തരം** | Question Bank രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

**Question No.14 given notice of by Dr. Babitha G.S was answered by Dr. S. Nazeeb,** Member, Syndicate.

| **ഡോ. ബബിത ജി.എസ്** | |
|---|---|
| 14. | കേരള സർവകലാശാലയിലെ CBCSS പ്രകാരമുള്ള കോഴ്സുകളെല്ലാം പൂർണ്ണമായും outcome based ആക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെ ആയിട്ടുണ്ട്? |
| **ഉത്തരം** | കേരള സർവകലാശാല പഠനവകുപ്പുകളിൽ പി.ജി പ്രോഗ്രാമുകളിൽ പൂർണമായും നടപ്പിലാക്കിയിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകളിലെ ബന്ധപ്പെട്ട കോഴ്സുകളിലും OBE based syllabus പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കും. |

**Question No.15 given notice of by Dr. Dileep A.S was answered by Sri. J Jairaj,** Member, Syndicate.

| **ഡോ. ദിലീപ് എ.എസ്** | |
|---|---|
| 15. | എത്ര UIT കൾ ആണ് സർവകലാശാലയുടെ കീഴിൽ ഉള്ളത്?<br>a. അവയിൽ നിന്നും ഫീസിനത്തിൽ എത്ര രൂപയാണ് സർവകലാശാലയ്ക്ക് 2020-21 കാലയളവിൽ ലഭിച്ചിട്ടുള്ളത്?<br>b. UITപ്രവർത്തിച്ചവകയിൽ ജീവനക്കാരുടെ ശമ്പളം അധ്യാപകരുടെ ശമ്പളം, Electricity charge, water charge എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് 2020-21 കാലയളവിൽ സർവകലാശാല ചെലവഴിച്ചത്? |
| **ഉത്തരം** | 34 യു.ഐ.ടി കളാണ് സർവകലാശാലക്ക് കീഴിലുള്ളത്.<br>a) 2020-21 കാലയളവിൽ ഫീസിനത്തിൽ Rs. 10,65,58,624/- രൂപയാണ് യു.ഐ.ടി കളിൽ നിന്നും സർവകലാശാലക്ക് ലഭിച്ചത്.<br>b) 2020-2021 കാലയളവിൽ യു.ഐ.ടി കൾ പ്രവർത്തിച്ച വകയിൽ കോൺട്രാക്ട്-ഗസ്റ്റ് അധ്യാപകരുടെ ശമ്പളം, ജീവനക്കാരുടെ ശമ്പളം, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നീ ഇനങ്ങളിലായി 14,02,43,877/- രൂപ ചിലവഴിച്ചിട്ടുണ്ട്. (യു.ഐ.ടി മായി ബന്ധപ്പെട്ട് സർവകലാശാല വിഭാഗങ്ങളിലെ ജീവനക്കാരുടെ ശമ്പളവും യു.ഐ.ടി കെട്ടിടങ്ങളുടെ വാടകയും പുറമേ). |

**Question No.16 given notice of by Dr. Shoba K.D was answered by Dr. S. Nazeeb,** Member, Syndicate.

| **ഡോ. ശോഭ.കെ.ഡി** | |
|---|---|
| 16. | സംസ്കൃതം (സ്പെഷ്യൽ) വിഷയങ്ങൾക്ക് നിലവിൽ പി.ജി. തലത്തിൽ റാങ്കുകൾ നൽകുന്നില്ല. എന്നാൽ ഡിഗ്രി തലത്തിൽ റാങ്കുകൾ നൽകുന്നുണ്ട്. മറ്റു വിഷയങ്ങൾക്കെന്നപോലെ സംസ്കൃതം (സ്പെഷ്യൽ) വിഷയങ്ങൾക്കും പി.ജി. തലത്തിൽ റാങ്കുകൾ നൽകുന്ന കാര്യം സർവകലാശാലയുടെ പരിഗണനയിലുണ്ടോ? |
| **ഉത്തരം** | സംസ്കൃതം (സ്പെഷ്യൽ) വിഷയങ്ങൾക്ക് നിലവിൽ അഞ്ച് കോഴ്സുകളാണുള്ളത്. ഇവയെ ഒറ്റ കോഴ്സ് ആയി പരിഗണിച്ചാണ് നിലവിൽ മൂന്നു റാങ്കുകൾ നൽകുന്നത്.<br>ബന്ധപ്പെട്ട അഭിപ്രായം സർവകലാശാല പരിശോധിക്കും. |

**Question No.17 given notice of by Dr. Soju.S was answered by Dr. S. Nazeeb,** Member, Syndicate.

| **ഡോ. സോജു .എസ്** | |
|---|---|
| 17. | യു.ജി.സി (മിനിമം സ്റ്റാൻഡേർഡ് ആന്റ് പ്രൊസീജിയർ ഫോർ അവാർഡ് ഓഫ് എം.ഫിൽ/പി.എച്.ഡി ഡിഗ്രി) റെഗുലേഷൻസ് 2016–ൽ നിഷ്കർഷിച്ചത് പ്രകാരം അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിൽ ഡോക്ടറൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ? |
| **ഉത്തരം** | യു.ജി.സി റെഗുലേഷൻസ് 2016–ൽ അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളിൽ ഡോക്ടറൽ കമ്മിറ്റി രൂപീകരിക്കുന്നതിനെ കുറിച്ച് പരാമർശിക്കുന്നില്ല. ഇപ്പോൾ വിവിധ വിഷയങ്ങൾക്ക് സർവകലാശാല തലത്തിൽ ഡോക്ടറൽ കമ്മിറ്റികൾ നിലവിലുണ്ട്. റിസർച്ച് ഡയറക്ടറേറ്റും ബന്ധപ്പെട്ട പ്രവർത്തനങ്ങളും Online സംവിധാനത്തിലാക്കുന്ന നടപടികൾ പൂർത്തിയാകുന്നതോടെ എല്ലാ സാങ്കേതിക പ്രശ്നങ്ങളും പരിഹരിക്കപ്പെടും. |

**Question No.18 given notice of by Dr. Shoba K.D was answered by Dr. K.B Manoj,** Member, Syndicate.

| **ഡോ. ശോഭ.കെ.ഡി** | |
|---|---|
| 18. | ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വിദ്യാർത്ഥികളുടെ പരിക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ടു കോളേജുകളിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്കപ്പുറത്തു ഉൾക്കൊള്ളാനുള്ള ഭൗതിക സാഹചര്യങ്ങളുടെ അഭാവവും, റെഗുലർ അധ്യയനത്തെ ബാധിക്കാതെ മതിയായ ഇൻവിജിലേറ്റർമാരെ കണ്ടെത്താനുള്ള ബുദ്ധിമുട്ടും കോളേജുകളിൽ സംജാതമാകുന്നു. ഇതിനു പരിഹാരം കണ്ടെത്താൻ സാധിക്കുമോ? |
| **ഉത്തരം** | കേരള സർവകലാശാലയുടെ തന്നെ വിദ്യാർത്ഥികളാണ് Distance Education ൽ പഠിക്കുന്നത്. അവരുടെ പരീക്ഷകൾ നടപടിക്രമങ്ങൾ എല്ലാം പാലിച്ചാണ് നടക്കുന്നത്. കോളജുകൾക്ക് ബുദ്ധിമുട്ടാകാത്ത തരത്തിലാണ് പരീക്ഷകൾ ക്രമീകരിച്ചിട്ടുള്ളത്. |

**Question No.19 given notice of by Dr. Joy V.S was answered by Adv. Muralidharan Pillai G,** Member, Syndicate.

| **ഡോ.ജോയ് വി.എസ്** | |
|---|---|
| 19. | അഡ്മിഷൻ പ്രക്രിയയിൽ ഒന്നാം ഓപ്ഷൻ തന്നെ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ വീണ്ടും ഓപ്ഷൻ നൽകാനുള്ള അവസരം നിലവിൽ നൽകുന്നുണ്ട്. ഇത് അഡ്മിഷൻ പ്രക്രിയ വൈകുന്നതിന് കാരണമാകുന്നില്ലേ ഇക്കാര്യം സർവകലയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അപേക്ഷ സമയത്തു വിദ്യാർത്ഥി ആവശ്യപ്പെടുന്ന ഒന്നാമത്തെ ഓപ്ഷൻ ലഭ്യമായിക്കഴിഞ്ഞാൽ അവരെ തുടർന്ന് പരിഗണിക്കാതിരിക്കുവാൻ സാധിക്കുമോ? |
| **ഉത്തരം** | സപ്ലിമെന്ററി അലോട്ടമെന്റിനും സ്പോട്ട് അലോട്ട്മെന്റിനും എല്ലാ വിദ്യാർത്ഥികൾക്കും ഓപ്ഷൻ നൽകാൻ തുല്യ അവസരമാണ് ഇപ്പോൾ നൽകുന്നത്. അഡ്മിഷൻ നടപടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**Question No.20 given notice of by Dr. Pramod. N was answered by Dr. S. Nazeeb,** Member, Syndicate.

| **ഡോ. പ്രമോദ്.എൻ** | |
|---|---|
| 20. | യു.ജി.സി റഗുലേഷൻ 2018 പ്രകാരം 2018 ജൂലൈ മാസത്തിനുശേഷം വിരമിച്ച അധ്യാപകർക്ക് പ്രമോഷൻ/പ്ലെയ്സ്മെന്റ് നൽകുന്നതിന് തടസമുണ്ടോ? |
| **ഉത്തരം** | UGC റഗുലേഷൻ Clause 6.3 V അനുസരിച്ച് സാങ്കേതിക തടസ്സങ്ങളുണ്ട്. |

**Question No.21 given notice of by Dr. Balakrishnan A was answered by Adv. K.H Babujan,** Member, Syndicate.

| **ഡോ. ബാലകൃഷ്ണൻ.എ** | |
|---|---|
| 21. | പരീക്ഷാ ജോലികൾക്കുള്ള പ്രതിഫലം ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നുണ്ട്. ഏത് വർഷത്തെവരെയുള്ള ബില്ലുകൾ പൂർണ്ണമായും സെറ്റിൽ ചെയ്തുകഴിഞ്ഞു? നിശ്ചിതകാലത്തിനുള്ളിൽ ബില്ലുകൾ സെറ്റിൽ ചെയ്യണമെന്ന് ക്രമപ്പെടുത്താൻ സാധിക്കുമേ? പരീക്ഷാ ജോലികൾക്കുള്ള പ്രതിഫലം സമയബന്ധിതമായി കോളേജുകളിൽ ലഭ്യമാക്കാൻ സാധിക്കുമോ? |
| **ഉത്തരം** | പരീക്ഷാ ജോലികൾക്കുള്ള പ്രതിഫലം നൽകുന്നതിനുള്ള കാലതാമസം പരിഹരിച്ചുവരുന്നു. ബില്ലുകൾ സർവകലാശാലയിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കാറുണ്ട്. |

**Question No.22 given notice of by Adv. Gopukrishnan C.G was answered by Dr. K.B Manoj,** Member, Syndicate.

| **അഡ്വ. ഗോപുകൃഷ്ണൻ സി.ജി** | |
|---|---|
| 22. | പരീക്ഷാ വിഭാഗത്തിന് ലഭ്യമാക്കാനുള്ള സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റിന്റെ എത്ര മോഡ്യൂൾ ഇംപ്ലിമെന്റ് ചെയ്യപ്പെട്ടിട്ടുണ്ട്? ഇത് പൂർണ്ണമായും ഇംപ്ലിമെന്റ് ചെയ്യാൻ എത്ര കാലതാമസം ഉണ്ടാകും കരാർ പ്രകാരമുള്ള സമയപരിധി എത്രയാണ്? |
| **ഉത്തരം** | Student Life Cycle Management ന്റെ കീഴിൽ പരീക്ഷാ നടത്തുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ മോഡ്യൂളുകൾ എല്ലാം തന്നെ പ്രവർത്തന സജ്ജമായിട്ടുണ്ട്. പ്രസ്തുത സംവിധാനമുപയോഗിച്ചുള്ള പരീക്ഷാ നടത്തിപ്പുകൾ നടന്നു വരികയാണ്. Tabulation Module വികസിപ്പിക്കുന്നതിനുള്ള അടുത്ത ഘട്ട നടപടികൾ പൂർത്തിയാക്കി-ക്കൊണ്ടിരിക്കുന്നു. 2021 ഒക്ടോബർ 15ന് മുമ്പ് ഇവ പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു എങ്കിലും കോവിഡ്-19 പശ്ചാത്തലത്തിൽ പ്രവർത്തനങ്ങൾ നീണ്ടുപോകുകയുണ്ടായി. ഇപ്പോൾ കുറച്ചു സാവകാശം കൂടി ÍTIപാലക്കാട് Ltd രേഖാമൂലം ചോദിച്ചിട്ടുണ്ട്. പൂർണമായും പദ്ധതി നടപ്പാക്കാൻ ആവശ്യമായ സമയക്രമം സമർപ്പിക്കുന്നതിന് സർവകലാശാല പ്രസ്തുത കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**Question No.23 given notice of by Dr. M.S Latha was answered by Dr. S. Nazeeb,** Member, Syndicate.

| **ഡോ. എം.എസ്. ലത** | |
|---|---|
| 23. | കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ താളിയോലകളിലെ വിവരങ്ങളുടെ ഡിജിറ്റലൈസേഷൻ പ്രക്രിയ പൂർത്തിയായോ? ഇപ്പോഴത്തെ സ്ഥിതി എന്താണ്? |
| **ഉത്തരം** | കേരള സർവകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് |

| | |
|---|---|
| | ലൈബ്രറിയിലെ താളിയോലകളുടെ Digitization Phase I 18 ലക്ഷം രൂപ ചിലവഴിച്ച് 2008-ൽ പൂർത്തിയായി. Phase II 40,62,498 രൂപ ചിലവഴിച്ച് 2015-ൽ പൂർത്തിയായി. Phase III യുടെ Part I (1 കോടി) 2020 -ൽ പൂർത്തിയായി. Phase III യുടെ Part II (1 കോടി) ന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

**Question No.24 given notice of by Dr. Rani Abraham was answered by Adv. B. Balachandran,** Member, Syndicate.

| **ഡോ. റാണി എബ്രഹാം** | |
|---|---|
| 24. | യൂണിവേഴ്സിറ്റി website ലെ News ലിങ്കിൽ 28.09.2021 തീയതിയിലെ അറിയിപ്പ് പ്രകാരം സർവകലാശാലയിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പ്രിൻസിപ്പൾമാർ, മാനേജർമാർ എന്നിവരിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതായി കണ്ടു. പരാതികൾ സ്വീകരിച്ച് കാലയളവിനുള്ളിൽ എത്ര പരാതികൾ സർവകലാശാലയ്ക്കു ലഭിച്ചു? അദാലത്ത് നടത്താൻ പര്യാപതമായ തരത്തിൽ ആവശ്യത്തിന് പരാതികൾ ലഭിച്ചിട്ടില്ലെങ്കിൽ വീണ്ടും ഈ പ്രക്രിയ ആവർത്തിക്കുകയും പരാതികൾ സ്വീകരിക്കുകയും ചെയ്യുമോ? |
| **ഉത്തരം** | 185 പരാതികളാണ് ലഭ്യമായത്. പരിശോധനയിൽ 159 അപേക്ഷകൾ സാധുവാണന്ന് കണ്ടെത്തി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ആവശ്യമെങ്കിൽ അദാലത്ത് വീണ്ടും നടത്തുന്നതിന് തടസ്സങ്ങളില്ല. |

**Question No.25 given notice of by Adv. Gopukrishnan C.G was answered by Adv. K.H Babujan,** Member, Syndicate.

| **അഡ്വ. ഗോപുകൃഷ്ണൻ സി.ജി** | |
|---|---|
| 25. | സർവകലാശാലാ അനധ്യാപക വിഭാഗം പെൻഷണേഴ്സിന്റെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ടോ? നിലവിൽ സ്വീകരിച്ച നടപടി ഏതു ഘട്ടത്തിൽ എത്തി എന്നു വ്യക്തമാക്കാമോ? |
| **ഉത്തരം** | സർവകലാശാല അനധ്യാപക വിഭാഗം പെൻഷനേഴ്സിന്റെ പെൻഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് ശേഷമുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് തീയതിയ്ക്ക് മുമ്പുള്ള പെൻഷൻ കുടിശ്ശിക വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

**Question No.26 given notice of by Dr. Vinodkumar.T.G Nair was not considered as the member was not present at the time.**

**Question No.27 given notice of by Dr. K.R Kavitha was answered by Dr. M. Vijayan Pillai,** Member, Syndicate.

| **ഡോ.കെ.ആർ. കവിത** | |
|---|---|
| 27. | അഫിലിയേറ്റഡ് കോളേജുകളിലെ HOD റൊട്ടേഷനിൽ , നടപ്പുവർഷത്തിൽ പഠനവകുപ്പിലുള്ള HOD നിയമപരമായി സീനിയർ ആണെങ്കിൽ HOD ആയി തുടരുമോ?<br>a) HOD റൊട്ടേഷനുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി ഗൈഡ് ലൈൻസ് ഇറങ്ങിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് നൽകാമോ ? |
| **ഉത്തരം** | എയ്ഡഡ് കോളേജുകളിലെ HoD നിയമനം rotation വ്യവസ്ഥയിൽ നടത്തുന്നതിന് സിൻഡിക്കേറ്റ് തീരുമാനം എടുത്തിട്ടുണ്ട്. ഇതു സംബന്ധിച്ച |

| | |
|---|---|
| | നടപടികൾ നടന്നു വരുന്നു. |

**Question No.28 given notice of by Dr. Rani Abraham was answered by Dr. S. Nazeeb,** Member, Syndicate.

| **ഡോ. റാണി എബ്രഹാം** | |
|---|---|
| 28. | a. കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ്കളിലെയോ അഫിലിയേറ്റഡ് കോളേജ്ജുകളിലെയോ അദ്ധ്യാപകർ SWAYAM പ്ലാറ്റ്ഫോമിൽ കോഴ്സുകൾ ഓഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ടു സർവകലാശാലയുടെ നയം എന്താണ്?<br>b. സർവകലാശാലയിലെയോ അഫിലിയേറ്റഡ് കോളേജ്ജുകളിലെയോ അദ്ധ്യാപകർ SWAYAM പ്ലാറ്റ്ഫോമിൽ കോഴ്സുകൾ നടത്തുന്നുണ്ടോ? ഉണ്ടെങ്കിൽ എത്ര അദ്ധ്യാപകർ?<br>c. കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ്കളിലെയോ അഫിലിയേറ്റഡ് കോളേജ്ജുകളിലെയോ അദ്ധ്യാപകർ SWAYAM പ്ലാറ്റ്ഫോമിൽ കോഴ്സുകൾ നൽകുന്ന പക്ഷം ടി കോഴ്സ് ചെയ്ത സർവകലാശാലയിലെ ഒരു വിദ്യാർത്ഥിക്ക് അയാളുടെ academic record ലേക്ക് ഈ credits ട്രാൻസ്ഫർ ചെയ്യുക സാദ്ധ്യമാണോ? |
| **ഉത്തരം** | (a) UGC നിർദ്ദേശിക്കുന്നതുപോലെ സർവകലാശാല അധ്യാപകർക്കും അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകർക്കും SWAYAM പ്ലാറ്റ്ഫോമിൽ കോഴ്സുകൾ ഓഫർ ചെയ്യാവുന്നതാണ്.<br>(b) ഇത് സംബന്ധിച്ച Data Collection സർവകലാശാല നടത്തിയിട്ടില്ല.<br>(c) പരിശോധിക്കുന്നതാണ്. |

**Question No.29 given notice of by Sri.C.R Mahesh MLA was not considered as the member was not present at the time.**

**Question No.30 given notice of by Dr. Balakrishnan A was answered by Adv. K.H Babujan,** Member, Syndicate.

| **ഡോ. ബാലകൃഷ്ണൻ.എ** | |
|---|---|
| 30. | കോവിഡ് കാലഘട്ടത്തിൽ പരീക്ഷാകേന്ദ്രങ്ങളിൽ സാനിറ്റൈസേഷൻ പോലുള്ള മുൻകരുതൽ നടപടികൾക്കാവശ്യമായ പ്രവർത്തികൾക്ക് ചിലവഴിക്കുന്ന തുക സർവകലാശാല കോളേജുകൾക്ക് നൽകുന്നുണ്ടോ? ഈ ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ തുക കണ്ടെത്താൻ പലപ്പോഴും കോളേജുകൾക്ക് സാധിക്കുന്നില്ല. ഇതിന് സർവകലാശാല എന്തെങ്കിലും പരിഹാരം കണ്ടിട്ടുണ്ടോ? |
| **ഉത്തരം** | കോവിഡ് കാലഘട്ടത്തിൽ പരീക്ഷാ നടത്തിപ്പിൽ ആരോഗ്യ സുരക്ഷാ, മാനദണ്ഡങ്ങൾ പാലിക്കുന്നതിന് 500 ൽ താഴെ വിദ്യാർത്ഥികളുള്ള പരീക്ഷാ കേന്ദ്രങ്ങൾക്ക് 5000/- രൂപയും, 500 നു മുകളിൽ വിദ്യാർത്ഥികളുള്ള പരീക്ഷാകേന്ദ്രങ്ങൾക്ക് 10000 രൂപയും അനുവദിക്കുന്നതിന് സർവകലാശാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബിൽ സമർപ്പിച്ചാൽ പ്രസ്തുത തുക നൽകുന്നതിന് തടസ്സങ്ങളില്ല. |

**Question No.31 given notice of by Dr. Pramod .N was answered by Adv. K.H Babujan,** Member, Syndicate.

| ഡോ. പ്രമോദ്.എൻ | |
|---|---|
| 31. | കഴിഞ്ഞ രണ്ട് വർഷത്തിനകം സർവകലാശാലയിൽ അധ്യാപകരുടെ പരീക്ഷാ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് അധിക മൂല്യനിർണ്ണയം നടത്തിയ പേപ്പറുകൾക്കുള്ള പ്രതിഫലം ഏതൊക്കെ പരീക്ഷകളുടെത് നൽകുവാനുണ്ട്? |
| **ഉത്തരം** | 2019–2020 കാലഘട്ടത്തിൽ പരീക്ഷാ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് ഏകദേശം 4 കോടി രൂപ സർവകലാശാല നൽകികഴിഞ്ഞു. 2020–2021 വർഷത്തിൽ 3,53,89,863/– രൂപയും, 2021–2022 കാലഘട്ടത്തിൽ 3,16,01,220/– രൂപയും സർവകലാശാല അനുവദിച്ച് വിതരണം ചെയ്ത് വരുന്നു. |

**Question No.32 given notice of by Sri. Jayaram.S was answered by Adv. K.H Babujan,** Member, Syndicate.

| ശ്രീ. ജയറാം .എസ് | |
|---|---|
| 32. | 2020–2021 സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് സ്പോർട്സ് അഫിലിയേഷൻ ഫീ ആയി അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും സർവകലാശാലയിൽ ലഭിച്ചിട്ടുള്ളത്. 2020–2021 സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് കുട്ടികളുടെ കായിക ആവശ്യങ്ങൾക്കായി വിനിയോഗിച്ചത്. |
| **ഉത്തരം** | 2020–21 സാമ്പത്തിക വർഷത്തിൽ സ്പോർട്സ് അഫിലിയേഷൻ ഫീ ഇനത്തിൽ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നും 1,10,83,911/– രൂപയാണ് സർവകലാശാലയ്ക്ക് ലഭിച്ചത്. 2020–21 സാമ്പത്തിക വർഷത്തിൽ 32,16,627/– രൂപയാണ് വിദ്യാർത്ഥികളുടെ മാത്രം കായിക ആവശ്യങ്ങൾക്കായി വിനിയോഗിച്ചത്. |

**Question No.33 given notice of by Dr. M.S Latha was answered by Dr. S. Nazeeb,** Member, Syndicate.

| ഡോ. എം.എസ്. ലത | |
|---|---|
| 33. | തമിഴ് അധ്യാപകർക്ക് ഗൈഡ്ഷിപ്പിനുള്ള അനുമതി ലഭിക്കാതിരിക്കുന്നതിന് റിസർച്ച് സെന്ററുകളുടെ കുറവ് കാരണമാകുന്നുണ്ടോ?<br>ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? |
| **ഉത്തരം** | സർവകലാശാല നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷ സമർപ്പിക്കുന്ന കോളേജുകൾക്ക് ഗവേഷണ കേന്ദ്രങ്ങൾ അനുവദിക്കുന്നുണ്ട്. നിലവിൽ തമിഴ് ഡിപ്പാർട്ട്മെന്റിനു പുറമേ അപേക്ഷ സമർപ്പിച്ചിട്ടുള്ള യൂണിവേഴ്സിറ്റി കോളേജുമാണ് റിസർച്ച് സെന്ററായി അനുവദിച്ചിട്ടുള്ളത്. |

**Question No.34 given notice of by Dr. Vishnu V.S was answered by Adv. B. Balachandran,** Member, Syndicate.

| ഡോ. വിഷ്ണു വി.എസ് | |
|---|---|
